**ശ്രദ്ധക്ഷണിക്കൽ**

(1) ദുരിതാശ്വാസ നിധിയിലേയ്ക്ക് തുക വകമാറ്റം

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, കോവിഡിന്റെ പശ്ചാത്തലത്തിൽ ജനങ്ങളാകെ വലിയ ദുരിതത്തിലാണ്. അതുപോലെ അടിക്കടിയുണ്ടായ പ്രളയങ്ങളും പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പല സ്ഥലങ്ങളിലും ഇപ്പോഴും പ്രകൃതിദുരന്തങ്ങൾ ഉണ്ടാകുന്നുണ്ട്. ഈ സാഹചര്യത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി വലിയൊരു സഹായവും ജനങ്ങൾക്ക് ആശ്വാസമേകുന്നതുമാണ്. നമ്മുടെ സംസ്ഥാനത്ത് പഞ്ചായത്തുകൾക്ക് ദുരിതാശ്വാസനിധി രൂപീകരിക്കാനുള്ള നിയമപരമായ അംഗീകാരം 2003-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലൂടെയാണ് സാധ്യമായത്. ആ ചട്ടങ്ങളുടെ പ്രസക്ത ഭാഗങ്ങൾ ഞാനിവിടെ വായിക്കാം.

"3(1) നിധി രൂപീകരണം.- പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവമൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തര ധനസഹായം നൽകുന്നതിനായി ഓരോ

ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയംമൂലം, ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതും അത് ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസനിധി എന്നറിയപ്പെടുന്നതുമാണ്. " വളരെ നല്ല കാര്യമാണ്. പക്ഷേ അതിലേയ്ക്ക് ധനസ്വരൂപണം നടത്തുന്നതാണ് പ്രശ്നം. പഞ്ചായത്തുകൾക്ക് പ്രധാനമായും ഗവൺമെന്റ് നൽകുന്ന പ്ലാൻ ഫണ്ടും തനത് ഫണ്ടുമാണുള്ളത്. എന്നാൽ ഈ രണ്ട് ഫണ്ടുകളും ഇതിന് ഉപയോഗിക്കാൻ കഴിയില്ല. അതുകൊണ്ട് ധനശേഖരണാർത്ഥം കലാ-കായിക-വിനോദ പരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽനിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധിക്ക് ആവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ് എന്നാണ് ചട്ടത്തിൽ പറയുന്നത്. എന്നാൽ ലോക്ഡൗണിന്റെ പശ്ചാത്തലത്തിൽ കലാ-കായിക-വിനോദ പരിപാടികളൊന്നും സംഘടിപ്പിക്കാൻ കഴിയില്ല. ഇപ്പോൾ വ്യക്തികളും സ്ഥാപനങ്ങളുമൊന്നും കാര്യമായ സംഭാവനകൾ നൽകാൻ കഴിയുന്നൊരു സ്ഥിതിയിലുമല്ല. എല്ലായിടത്തും പ്രതിസന്ധികൾ അഭിമുഖീകരിക്കുകയാണ്. അതുപോലെതന്നെ വളരെ പ്രസക്തമായൊരുകാര്യംകൂടി ചൂണ്ടിക്കാണിക്കാൻ

ആഗ്രഹിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് പ്രകൃതി ദുരന്തങ്ങളിൽ വീടുകൾക്ക് നാശനഷ്ടം സംഭവിക്കുന്നവർക്ക് നഷ്ടപരിഹാരം നൽകാൻ റവന്യൂ വകുപ്പിന് പ്രൊവിഷനുണ്ട്. എന്നാൽ അതിനകത്തും വലിയൊരു പ്രശ്നമുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ പല പ്രദേശങ്ങളും കീഴ്ക്കാംതൂക്കായ മലഞ്ചെരുവുകളാണ്. അവിടെ വീട് വയ്ക്കണമെങ്കിൽ ആദ്യം മണ്ണ് നിരത്തി സംരക്ഷണഭിത്തി കെട്ടി നിരപ്പുവരുത്തണം. എന്നാൽ സംരക്ഷണ ഭിത്തികൾ പലപ്പോഴും മഴയിൽ ഇടിഞ്ഞുപോകുന്ന സ്ഥിതിയാണ്. കഴിഞ്ഞദിവസം എന്റെ നിയോജകമണ്ഡലത്തിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിൽ ഒരു ദുരന്തമുണ്ടായി. ഒരു വീടിന് സംരക്ഷണ ഭിത്തിയുണ്ടായിരുന്നത് പത്തുപതിനഞ്ചടി ഉയരത്തിലായിരുന്നു, കാരണം കീഴ്ക്കാംതൂക്കായ ചെരിവാണ്. കോൺക്രീറ്റ് ഫിൽ ചെയ്ത ആ സംരക്ഷണ ഭിത്തി ഇടിഞ്ഞ് താഴേയ്ക്ക് വീണ് റോഡ് ബ്ലോക്കായി. വീടിന് കേടുപാടുകൾ സംഭവിച്ചില്ലെങ്കിലും അവിടെ താമസിക്കാൻ കഴിയാതെ വീട് ഉപേക്ഷിച്ച് പോകാൻ അവർ തീരുമാനിച്ചു. ഇതെല്ലാം നീക്കം ചെയ്തില്ലെങ്കിൽ പ്രോസിക്യൂട്ട് ചെയ്യുമെന്ന് പറഞ്ഞ് പഞ്ചായത്ത് നോട്ടീസ് നൽകിയിരിക്കുകയാണ്. ഈ നിലയിൽ കാര്യങ്ങൾ സംഭവിക്കുമ്പോൾ

ദുരിതാശ്വാസനിധിക്ക് വളരെ പ്രസക്തിയുണ്ട്. അതുകൊണ്ട് പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിൽനിന്നോ തനത് ഫണ്ടിൽനിന്നോ 5 ശതമാനത്തിൽ അധികരിക്കാത്തൊരു തുക ഈ ദുരിതാശ്വാസനിധിയിലേയ്ക്ക് വകമാറ്റുന്നതിന് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയാൽ ജനങ്ങൾക്ക് വലിയൊരു സഹായമാകുമെന്നും അതാത് പഞ്ചായത്തുകളിൽ സംഭവിക്കുന്ന ദുരിതങ്ങൾക്ക് ഫലപ്രദമായ ഇടപെടലുകൾ ഒരു പരിധിവരെ നടത്താൻ കഴിയുമെന്നുള്ളതും ബഹുമാനപ്പെട്ട സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ നടപടിയുണ്ടായാൽ ജനങ്ങൾക്ക് വലിയ ആശ്വാസമാകുകയും പഞ്ചായത്തുകൾക്ക് ദുരന്തങ്ങളിൽ ഫലപ്രദമായി ഇടപെടാനും കഴിയും എന്നുള്ളതാണ് ഈ വിഷയം അവതരിപ്പിച്ചുകൊണ്ട് എനിക്ക് നിർദ്ദേശിക്കാനുള്ളത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ബഹുമാനപ്പെട്ട പൂഞ്ഞാർ അംഗം ഉന്നയിച്ച കാര്യത്തെ സംബന്ധിച്ച് വിശദമായി പരിശോധിക്കേണ്ടതാണ്. നിലവിലുള്ള നിയമ പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കോവിഡ്-19

പോലെയുള്ള മഹാമാരി പ്രശ്നങ്ങളിൽ ഇടപെടാനുള്ള സൗകര്യം പ്രത്യേക വകുപ്പ് അനുസരിച്ചുതന്നെ നൽകികഴിഞ്ഞിട്ടുള്ളതാണ്. കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 (1)-ൽ ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയംമൂലം ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതും അത് ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസനിധി എന്നറിയപ്പെടുന്നതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ചട്ടം 3(2) പ്രകാരം ധനശേഖരണാർത്ഥമുള്ള കലാ-കായിക-വിനോദപരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽനിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്. ചട്ടം 3(3) പ്രകാരം നിധിയിലേക്ക് ഗ്രാമപഞ്ചായത്തിന്റെ ഏതെങ്കിലും ഫണ്ടിൽനിന്നോ സർക്കാരിൽനിന്ന് ഗ്രാമപഞ്ചായത്തിന് ലഭിച്ച ഏതെങ്കിലും ഗ്രാന്റിൽനിന്നോ തുക കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല. മേൽ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിന്റെ പ്ലാൻ ഫണ്ട്, തനത് ഫണ്ട് എന്നിവയിൽനിന്ന് തുക ദുരിതാശ്വാസ നിധിയിലേയ്ക്ക്

മാറ്റുന്നതിന് സാധിക്കുന്നതല്ല. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാട്ടിയ കോവിഡ് പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി അടിയന്തര പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി 26-04-2021-ലെ 911/2021 നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് തനത് ഫണ്ടും പ്ലാൻ ഫണ്ടും ഉപയോഗിക്കുന്നതിൽ നിലവിൽ ഗ്രാമപഞ്ചായത്തുകൾക്ക് തടസ്സങ്ങളില്ല. കേന്ദ്ര ധനകാര്യ കമ്മീഷന്റെ ബെയ്സിക് ഗ്രാന്റുകൂടി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ സാധിക്കുന്നതുമാണ്. 12-5-2021-ലെ 994/2021 നമ്പർ സർക്കാർ ഉത്തരവ് അനുസരിച്ച് അപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഉപയോഗിക്കാൻ അനുമതി നൽകിയിട്ടുമുണ്ട്. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ഫലപ്രദമായ ഇടപെടൽ നടത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിക്കാനാവശ്യമായ നിലപാടുകൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതെല്ലാം അംഗീകരിക്കുന്നു. പഞ്ചായത്തുകൾക്ക് കോവിഡ്

പ്രതിരോധ പ്രവർത്തനങ്ങളിൽ വളരെ ഫലപ്രദമായി ഇടപെടാൻ കഴിയുന്ന സാഹചര്യം ഗവൺമെന്റ് ഉണ്ടാക്കിയത് അഭിനന്ദനാർഹമാണ്. ഞാൻ സൂചിപ്പിച്ച വിഷയം അല്പം വ്യത്യസ്തമാണ്. ഏതെങ്കിലും ദുരന്തങ്ങൾമൂലം ഒരു വ്യക്തിക്ക് സംഭവിക്കുന്ന നഷ്ടം പരിഹരിക്കാൻ പഞ്ചായത്തുകൾക്ക് കഴിയില്ല. ഞാൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്ന വ്യക്തിയാണ്. പഞ്ചായത്തുകൾക്ക് പദ്ധതി ആവിഷ്കരിച്ച് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളൊക്കെ ചെയ്യാം. പക്ഷേ വ്യക്തികൾക്ക് സംഭവിക്കുന്ന നഷ്ടം പരിഹരിക്കാൻ ദുരിതാശ്വാസനിധിയിലൂടെ മാത്രമെ സാധിക്കുകയുള്ളൂ. അതിന് കഴിയുമോയെന്നുള്ളതാണ് എന്റെ ചോദ്യം. അതോടൊപ്പം പഞ്ചായത്തുകൾ ദുരന്തങ്ങൾക്കിരയാകുന്നവർക്ക് പ്രോസിക്യൂട്ട് ചെയ്യുമെന്ന് പറഞ്ഞ് നോട്ടീസ് നൽകുന്നത് അങ്ങേയറ്റം ഖേദകരമാണ്. ഇത്തരം അധികാരങ്ങൾ പഞ്ചായത്ത് പ്രയോഗിക്കുന്നത് തെറ്റാണ്. അതിനുകൂടി ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്ന് ശ്രദ്ധയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, വ്യക്തികൾക്കുണ്ടാകുന്ന നഷ്ടം സംബന്ധിച്ച് ഗ്രാമപഞ്ചായത്തോ മുൻസിപ്പാലിറ്റിയോ അല്ല കാര്യങ്ങൾ

കൈകാര്യം ചെയ്യുന്നത്. അതിന് റവന്യൂ വകുപ്പുൾപ്പെടെ നിരവധി മറ്റ് മാർഗ്ഗങ്ങൾ ഉണ്ട്. പ്രസ്തുത വകുപ്പുകളാണ് അതുസംബന്ധിച്ചുള്ള വ്യക്തമായ തീരുമാനവും സഹായവും നൽകിക്കൊണ്ടിരിക്കുന്നതെന്ന് നമുക്കറിയാം. അതിന് പഞ്ചായത്തിന്റെ പ്രത്യേക രീതിയിലുള്ള നിധിക്കുവേണ്ടി കാത്ത് നിൽക്കേണ്ടതില്ല. പൊതുവായുണ്ടാകുന്ന എല്ലാ കാര്യങ്ങളും കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ പഞ്ചായത്തുകൾക്ക് ഇപ്പോൾ അനുവദിച്ചിട്ടുണ്ട്.

(2) അനധികൃത മാലിന്യ നിക്ഷേപം

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ ഇന്ന് സഭയുടെ ശ്രദ്ധയിൽകൊണ്ടുവരുന്ന വിഷയത്തിൽ കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും  ആരോഗ്യ വകുപ്പുമന്ത്രിയും ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയും ഇടപെട്ടാൽ മാത്രമാണ് പൂർണ്ണപരിഹാരം കണ്ടെത്താൻ സാധിക്കുന്നത്. ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയാണ് ഇതിന് മറുപടി പറയുന്നത്. തീർച്ചയായും അദ്ദേഹത്തിൽനിന്നും നല്ല മറുപടി പ്രതീക്ഷിക്കുകയാണ്. ഇന്ന് കേരളത്തിൽ വ്യാപകമായി ആളൊഴിഞ്ഞ സ്ഥലങ്ങളിലും പൊതുസ്ഥലങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നത് പതിവായിരിക്കുന്ന

സാഹചര്യമാണ്. മാലിന്യം നീക്കം ചെയ്യുന്നതിന് കരാറെടുത്തിട്ടുള്ള ചില ഏജൻസികൾ അനധികൃതമായും പൊതുജനാരോഗ്യത്തിന് ഹാനികരമാകുന്ന രീതിയിലും അവരുടെ വാഹനങ്ങളിൽകൊണ്ടുവരുന്ന ഹോസ്പിറ്റൽ മാലിന്യങ്ങൾ, കക്കൂസ് മാലിന്യങ്ങൾ അതുപോലെ മറ്റുള്ള മാലിന്യങ്ങളും പുറംതള്ളുന്നത് നിത്യസംഭവങ്ങളായി മാറിയിരിക്കുകയാണ്. ഇതിനെ ചോദ്യംചെയ്യുന്നവരോട് ഗുണ്ടാസംഘത്തെപ്പോലെയാണ് ഇവരുടെ പെരുമാറ്റമെന്നുള്ളതാണ് വേറൊരു പ്രത്യേകത. മാലിന്യങ്ങൾ മാറ്റാൻ കരാർ ഏറ്റെടുത്ത ചില ഏജൻസികൾ ക്വട്ടേഷൻ സംഘങ്ങളെയാണ് ഈ ജോലി ഏൽപ്പിക്കുന്നതെന്നുള്ളത് വലിയ പ്രത്യാഘാതമുള്ള വിഷയമായാണ് പൊതുസമൂഹം കാണുന്നത്. കോട്ടയം മെഡിക്കൽ കോളേജ് ഹോസ്പിറ്റലിലെ മാലിന്യം 06.07.2021-ൽ രാത്രി എറണാകുളം ജില്ലയിലെ ചെങ്ങമനാട് പഞ്ചായത്തിലെ പറമ്പയം എന്ന എന്റെ നാട്ടിൻപ്രദേശത്ത് ജനവാസകേന്ദ്രങ്ങളിൽ വലിയ വാഹനങ്ങളിൽ കൊണ്ടുവന്ന് നിക്ഷേപിച്ചത് അവിടെയുള്ള പ്രദേശവാസികളെ വലിയ ദുരിതത്തിലാക്കി. കോട്ടയം മെഡിക്കൽ കോളേജിലെ ഹോസ്പിറ്റൽ മാലിന്യം എങ്ങനെയാണ് എറണാകുളം ജില്ലയിലെ ചെങ്ങമനാട് പഞ്ചായത്തിലെ പറമ്പയത്ത്

എത്തിയത്; ഈ മാലിന്യം ആളൊഴിഞ്ഞ പ്രദേശത്തുകൊണ്ടുവന്ന് തള്ളാനുള്ള സാഹചര്യമുണ്ടായതെങ്ങനെയാണ്? നമുക്കറിയാം കേരളത്തിലെ ജനങ്ങൾക്ക് ആരോഗ്യപരിരക്ഷ നൽകേണ്ടത് ആരോഗ്യവകുപ്പാണ്. അങ്ങനെയുള്ള മെഡിക്കൽ കോളേജിലെ മാലിന്യമാണ് ജനവാസമേഖലയിൽ ഉപേക്ഷിച്ചത്. ഇക്കാര്യം ഞാൻ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് സൂചിപ്പിച്ചിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജ് മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട വർക്കുകൾക്ക് കരാർ ഏറ്റെടുത്ത കരാറുകാരെ സസ്പെന്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അക്കാര്യം പരിഹരിക്കാമെന്ന് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി പറഞ്ഞിട്ടുണ്ട്. ഇതുപോലെ തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽനിന്നും ശേഖരിച്ച മാലിന്യം പാലോട് കരിമ്പിൻകാല ആദിവാസി ഊരിലെ വനഭൂമിയിൽ നിക്ഷേപിച്ച കുറച്ചുപേരെ പോലീസ് അറസ്റ്റുചെയ്തിട്ടുണ്ട്. പക്ഷേ അതിന്റെ തുടർനടപടി ആയിട്ടില്ലെന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. ഇതുപോലെ നിരവധി സംഭവങ്ങളാണ് കേരളത്തിലെ വിവിധ ഭാഗങ്ങളിൽ നടക്കുന്നത്. ഇത് ആവർത്തിക്കുന്നതിന് കാരണം മാലിന്യ ശേഖരണത്തിനും

സംസ്കരണത്തിനും അനുമതി ലഭിക്കുന്ന ഏജൻസികൾക്ക് മതിയായ സൗകര്യമുണ്ടോയെന്ന് പരിശോധിക്കുന്നില്ലെന്നതാണ്. ഏജൻസികൾക്ക് വളരെയധികം സാമ്പത്തിക ലാഭമുണ്ടാക്കുന്ന മേഖലയാണിത്. അവർക്ക് മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യമില്ലാതെതന്നെ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും മറ്റ് ഹെൽത്ത് വിഭാഗങ്ങളും ഇത്തരം ഏജൻസികൾക്ക് അനുമതി നൽകുന്നു. ഇത് പരിശോധിക്കപ്പെടണം. മതിയായ അടിസ്ഥാനസൗകര്യമുള്ള ഏജൻസികൾക്കുമാത്രമേ അനുമതി ലഭിക്കുന്നുള്ളൂവെന്ന് ഉറപ്പാക്കണം. പോലീസിന്റെ ഭാഗത്തുനിന്ന് വലിയവീഴ്ചകൾ ഇക്കാര്യത്തിൽ സംഭവിച്ചിട്ടുണ്ട്. കാരണം കോട്ടയം മെഡിക്കൽ കോളേജിലെ മാലിന്യം എറണാകുളം ജില്ലയിലെ ചെങ്ങമനാട് പഞ്ചായത്ത് പ്രദേശത്ത് എത്തുമ്പോൾ നിരവധി ഹൈവേ പട്രോളുകളെല്ലാം കടന്നുകൊണ്ടാണ് ഇവിടെ എത്തുന്നതെന്ന് ചിന്തിക്കേണ്ടതല്ലേ? ഈ വിഷയത്തിൽ ഹൈവേ പോലീസിനെതിരെ എസ്.പി.-ക്ക് പരാതി നൽകിയിട്ടുണ്ട്. ഹൈവേ പോലീസ് കൈക്കൂലി വാങ്ങിയിട്ടാണ് ഈ മാലിന്യം നിക്ഷേപിക്കാനുള്ള സാഹചര്യമുണ്ടാക്കി കൊടുത്തിരിക്കുന്നത്. എസ്.പി. ഇവർക്കെതിരെ

നടപടിക്ക് ശിപാർശ ചെയ്തിട്ടുണ്ടെന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. ഇങ്ങനെയുള്ള ഹൈവേ പോലീസും ചില സ്റ്റേഷനുകളിലെ ഉദ്യോഗസ്ഥന്മാരും കൈക്കൂലി വാങ്ങിയിട്ടാണ് ഇതിന് കൂട്ടുനിൽക്കുന്നത്. ഇതിനൊരു മാറ്റമുണ്ടാകണം. പൊതുജനാരോഗ്യത്തെയും സ്വകാര്യജീവിതത്തെയും ബുദ്ധിമുട്ടിലാക്കുന്ന ഈ നിയമവിരുദ്ധ പ്രവൃത്തി അവസാനിപ്പിക്കണം. അനധികൃതമായി മാലിന്യം നിക്ഷേപിക്കുന്നവരുടെ വാഹനങ്ങളുടെ പെർമിറ്റും ആ വണ്ടി ഓടിക്കുന്ന ഡ്രൈവറുടെ ലൈസൻസും റദ്ദാക്കുമെന്ന് ബഹുമാന്യനായ ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി തീരുമാനമെടുത്താൽ അതിനൊരു അറുതിവരുത്താൻ സാധിക്കും. അപ്പോൾ ഡ്രൈവർ ഈ വാഹനവുമായി പോകില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: വിഷയം മനസ്സിലായി. പ്ലീസ്...... പ്ലീസ്......

ശ്രീ. അൻവർ സാദത്ത്: സർ, ഈ വിഷയത്തിൽ ഗതാഗതം, ആരോഗ്യം, പോലീസ് തുടങ്ങിയ വകുപ്പുകളുടെ അടിയന്തര ഇടപെടൽ ഉണ്ടാകുന്നതിന്റെ ആവശ്യകതയിലേയ്ക്കാണ് ഈ വിഷയം ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ കൊണ്ടുവരുന്നത്. ഇതിനൊരു ശാശ്വതപരിഹാരം കണ്ടെത്തേണ്ടതാണ്. കാരണം ഈ നാട് നേരിടാൻ

പോകുന്ന ഏറ്റവും വലിയ വിപത്താണ് മാലിന്യം തള്ളുന്നത്. ഞാൻ പറയുന്നത് ഈ സഭയിലെ എല്ലാ എം.എൽ.എ.-മാർക്കും പൊതുജനങ്ങൾക്കുംവേണ്ടിയാണ്. അതുകൊണ്ട് ഇതിനെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് ശ്രദ്ധക്ഷണിക്കലിലൂടെ അഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, കേരളത്തിൽ പൊതുവെ നഗരസഭാതിർത്തികൾക്കുള്ളിൽ പ്രത്യേകിച്ചും അനുഭവിക്കുന്ന വളരെ ഗൗരവമായൊരു പ്രശ്നത്തെക്കുറിച്ചാണ് ബഹുമാനപ്പെട്ട ആലുവ അംഗം അൻവർ സാദത്ത് സഭയുടെ ശ്രദ്ധ ക്ഷണിച്ചിരിക്കുന്നത്. ജനവാസമേഖലയിൽ മാലിന്യംതള്ളുന്നത് പൊതുജനങ്ങളുടെ സ്വൈര്യജീവിതത്തിനും ആരോഗ്യത്തിനും ഹാനികരമായതും പരിസ്ഥിതി മലിനീകരണം സൃഷ്ടിക്കുന്നതുമായ നടപടിയാണ്. പകർച്ചവ്യാധികൾ പടർന്നുപിടിക്കാൻ സാഹചര്യം സൃഷ്ടിക്കുന്ന വിധത്തിലുള്ളതും വായുമലിനീകരണമുണ്ടാക്കുന്നതും പൊതുജനങ്ങളുടെ ജീവിതത്തിന് ശല്യവും മനുഷ്യജീവിതത്തിന് അപകടമുണ്ടാക്കാൻ സാദ്ധ്യതയുള്ളതുമായ വസ്തുക്കൾ കൊണ്ടുപോകുകയും പൊതുസ്ഥലത്ത് നിക്ഷേപിക്കുകയും ചെയ്യുന്ന വാഹനഡ്രൈവർമാർക്കെതിരെ പിഴ ഈടാക്കാനും ലൈസൻസ് സസ്പെൻഡ്

ചെയ്യാനും മോട്ടോർ വാഹന നിയമത്തിൽ വ്യവസ്ഥയുണ്ട്. 1988-ലെ മോട്ടോർ വാഹന നിയമം, സെക്ഷൻ 190(2) പ്രകാരം റോഡ് സുരക്ഷ, ശബ്ദ മലിനീകരണം, വായു മലിനീകരണം എന്നിവയുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിക്കുന്ന മോട്ടോർ വാഹനം ഏതെങ്കിലും പൊതുസ്ഥലത്ത് ഓടിക്കുകയോ അതിന് അനുവദിക്കുകയോ കാരണമാകുകയോ ചെയ്യുന്ന കുറ്റത്തിന് ഏതൊരു വ്യക്തിയും ശിക്ഷാർഹനാണ്. ആദ്യപ്രാവശ്യം മൂന്നുമാസം വരെ തടവോ അല്ലെങ്കിൽ പതിനായിരം രൂപ വരെ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ മൂന്നുമാസത്തേയ്ക്ക് ലൈസൻസ് സസ്പെന്റ് ചെയ്യാവുന്നതാണ്. കുറ്റം ആവർത്തിച്ചാൽ ആറുമാസം വരെ തടവോ അല്ലെങ്കിൽ പതിനായിരം രൂപ വരെ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ ഉള്ള ശിക്ഷ നൽകാനും വ്യവസ്ഥയുണ്ട്. 1988-ലെ മോട്ടോർ വാഹന നിയമം, സെക്ഷൻ 190 (3) പ്രകാരം ഏതെങ്കിലും പൊതുസ്ഥലത്ത് മനുഷ്യജീവിതത്തിന് അപകടകരമോ ഭീഷണി സൃഷ്ടിക്കുന്നതോ ആയ വസ്തുക്കൾ കയറ്റിയ മോട്ടോർ വാഹനം നിയമലംഘനം നടത്തി ഓടിച്ചാൽ ആദ്യം പതിനായിരം രൂപ പിഴയോ മൂന്നുമാസത്തേയ്ക്ക് ലൈസൻസ് സസ്പെന്റ് ചെയ്യുകയോ രണ്ടും കൂടിയുള്ള

ശിക്ഷയോ അല്ലെങ്കിൽ ഒരു വർഷംവരെ നീളുന്ന തടവോ നൽകാനും വ്യവസ്ഥയുണ്ട്. കുറ്റം ആവർത്തിച്ചാൽ ഇരുപതിനായിരം രൂപ പിഴയോ മൂന്നുവർഷം വരെ നീളുന്ന തടവോ അല്ലെങ്കിൽ രണ്ടുംകൂടിയുള്ള ശിക്ഷ നൽകാനും വ്യവസ്ഥയുണ്ട്. ഈ നിയമം കർശനമായി പാലിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പോലീസ് കേസ് രജിസ്റ്റർ ചെയ്യുന്ന സമയത്തോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിഴ ചുമത്തുമ്പോഴോ പ്രസ്തുത വിവരം ലൈസൻസിംഗ് അതോറിറ്റിയെ അറിയിച്ചാലും മേൽപ്പറഞ്ഞ വ്യവസ്ഥകൾ പ്രകാരം ഡ്രൈവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കും. 1988-ലെ മോട്ടോർ വാഹന നിയമം, സെക്ഷൻ 79 അനുസരിച്ചാണ് ചരക്കുവാഹനങ്ങൾക്ക് ഇപ്പോൾ പെർമിറ്റ് നൽകുന്നത്. എന്നാൽ മാലിന്യം കൊണ്ടുപോകുന്നതിന് പ്രത്യേക പെർമിറ്റ് ഏർപ്പെടുത്തിയിട്ടില്ല. ഗുഡ്സ് കാര്യേജ് പെർമിറ്റുള്ള വാഹനങ്ങളിലാണ് മാലിന്യ വസ്തുക്കൾ കൊണ്ടുപോകുന്നത്. വാഹനത്തിൽ കയറ്റാവുന്ന വസ്തുക്കളെ സംബന്ധിച്ച നിബന്ധനകൾ പെർമിറ്റിൽ ഉൾക്കൊള്ളിക്കാൻ വ്യവസ്ഥയുണ്ട്. ഗുഡ്സ് കാര്യേജ് പെർമിറ്റിൽ മാലിന്യം കയറ്റി പൊതുസ്ഥലങ്ങളിൽ തള്ളുന്ന വാഹന ഉടമയ്ക്കും ഡ്രൈവർക്കുമെതിരെ കൂടുതൽ

ശക്തവും കർശനവുമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് കേരള മോട്ടോർ വാഹന ചട്ടങ്ങളിൽ ആവശ്യമായ നിബന്ധനകൾ ചേർത്ത് നിയമഭേദഗതികൾ വരുത്തുന്നകാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്. മാലിന്യം കൊണ്ടുപോകുന്നത് പ്രാദേശിക ഭരണകൂടത്തിന്റെ അനുവാദത്തോടുകൂടി മാത്രമായിരിക്കണമെന്ന വ്യവസ്ഥയിൽ പെർമിറ്റ് അനുവദിക്കുന്നതിനും മാലിന്യം കയറ്റുന്ന വാഹനങ്ങളെ തിരിച്ചറിയുന്നതിന് പ്രത്യേക നിറം നിശ്ചയിക്കുന്നതിനും കേരള മോട്ടോർ വാഹന ചട്ടങ്ങളിൽ ആവശ്യമായ നിയമഭേദഗതികൾ വരുത്തുന്നകാര്യവും പരിഗണനയിലാണ്. എറണാകുളത്ത് മുനിസിപ്പാലിറ്റികളും കോർപ്പറേഷനും നിർദ്ദേശിച്ചിട്ടുള്ള സ്ഥലത്തല്ലാതെ മാലിന്യം നിക്ഷേപിക്കുന്നതായി വ്യാപകമായ പരാതിയുണ്ട്. ഇങ്ങനെയുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന വാഹനങ്ങളെക്കുറിച്ചുള്ള വിവരം നൽകിയാൽ കർശന നടപടി സ്വീകരിക്കാൻ സന്നദ്ധമാണെന്ന് മോട്ടോർ വാഹനവകുപ്പ് ബന്ധപ്പെട്ട പോലീസ്, കോർപ്പറേഷൻ മുനിസിപ്പാലിറ്റി, റെസിഡൻസ് അസോസിയേഷൻ എന്നിവരെ അറിയിച്ചിട്ടുണ്ട്. രാത്രികാല പ്രത്യേക

നിരീക്ഷണത്തിന് എറണാകുളം ജില്ലയിൽ രണ്ട് പ്രത്യേക സ്ക്വാഡുകളെ മോട്ടോർ വാഹനവകുപ്പ് നിയോഗിക്കുന്നതാണ്.

ശ്രീ. അൻവർ സാദത്ത്: അങ്ങ് പറഞ്ഞത് തീർച്ചയായും സ്വാഗതാർഹമായ കാര്യംതന്നെയാണ്. പലപ്പോഴും നിയമങ്ങൾ ഉണ്ടെങ്കിൽത്തന്നെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ അത് ശരിയായ രീതിയിൽ നടപ്പിലാക്കുന്നില്ലെന്ന വിഷയമാണ് നമ്മുടെ നാട് നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. പോലീസ് കേസെടുക്കുന്നതിനും അതുപോലെത്തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിഴ ചുമത്തുന്നതിനും നിയമമുണ്ട്; ഇല്ലെന്ന് ഞാൻ പറയുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ടുകൊണ്ട് ട്രാൻസ്പോർട്ട് വകുപ്പ് ബന്ധപ്പെട്ട പോലീസ് അധികാരികളെയും തദ്ദേശഭരണ സ്ഥാപനങ്ങളെയും ഓർമ്മപ്പെടുത്തുന്ന നിലയിൽ ഇങ്ങനെ ഞങ്ങൾ നടപടിയെടുക്കും അതുകൊണ്ട് നിങ്ങൾ യഥാസമയത്ത് റിപ്പോർട്ട് ചെയ്യണമെന്ന് ഓർമ്മപ്പെടുത്താൻവേണ്ടി സർക്കുലർ പുതുതായി ഒന്നുകൂടി അയയ്ക്കാനുള്ള സാഹചര്യമുണ്ടാക്കുമോ? അതുണ്ടാക്കിയാൽ ഈ പ്രശ്നത്തിന് ഏറെക്കുറെ പരിഹാരമുണ്ടാക്കാൻ സാധിക്കും.

<u>ശ്രീ. ആന്റണി രാജു</u>: സർ, എറണാകുളം ജില്ലയിലെ എം.എൽ.എ.-മാരുടെ അവലോകന യോഗത്തിൽ ബഹുമാനപ്പെട്ട അൻവർ സാദത്ത് ഉൾപ്പെടെയുള്ളവർ വളരെ സജീവമായി ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്നാണ് ഇത്തരമൊരു നിർദ്ദേശം പോലീസിനും മുനിസിപ്പാലിറ്റിക്കും കോർപ്പറേഷനും റെസിഡന്റ്സ് അസോസിയേഷനുകൾക്കും നൽകിയിട്ടുള്ളത്. അങ്ങ് ഉന്നയിച്ച സാഹചര്യത്തിൽ പ്രത്യേകമായ സർക്കുലർ ഇക്കാര്യത്തിൽ ബന്ധപ്പെട്ട എല്ലാവർക്കും നൽകാൻ സന്നദ്ധമാണ്.